ക്കാർക്ക് പെൻഷൻ പദ്ധതിപ്രകാരം നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ യോഗ്യസേവന കാലം പൂർത്തിയാക്കാത്തവർക്ക് പെൻഷനർഹത ഇല്ലെന്നാണ് പെൻഷൻ ബോർഡ് അറിയിച്ചിട്ടുള്ളത്. പരാതിക്കാരന് നിശ്ചിതയോഗ്യസേവനകാലം ഇല്ല എന്നാണ് റിപ്പോർട്ട്.

(ബി) 7.3.95-ലെ ജി.ഒ.(എം.എസ്)44/95/സഹ ഉത്തരവ് പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ വരുന്നതും എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ആന്റ് മിസലേനിയസ് പ്രൊവിഷൻസ് ആക്ടിന്റെ പരിധിയിൽ വരാത്തതുമായ പ്രാഥമിക സഹകരണ സംഘം ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനുള്ള പദ്ധതി ഇപ്പോൾ തന്നെ നിലവിലുണ്ട്. 3.6.93 മുതലാണ് ഇതിന് പ്രാബല്യം നൽകിയിട്ടുള്ളത്.

(സി) ഇത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കേണ്ടത് പെൻഷൻ ബോർഡാണ്.

(ഡി) പെൻഷൻ സ്കീമിലെ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ആനുകൂല്യത്തിനർഹതയില്ല. എങ്കിലും ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

II അടിയന്തിരപ്രമേയം

കൊപ്രയുടെ താങ്ങുവില

9.30 AM

മി. സ്പീക്കർ : കൊപ്രയുടെ താങ്ങുവില പ്രഖ്യാപിക്കാത്തതുകൊണ്ടും നാഫെഡ്, കേരഫെഡ് തുടങ്ങിയ ഏജൻസികൾ ഫലപ്രദമായി കൊപ്ര സംഭരണം നടത്താത്തതുകൊണ്ടും കൊപ്രയുടെ വിലയിലുണ്ടായിട്ടുള്ള ഇടിവുമൂലം സംസ്ഥാനത്ത് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. പി.പി. തങ്കച്ചൻ, ചെർക്കളം അബ്ദുള്ള, മാമ്മൻ മത്തായി, ജോണി നെല്ലൂർ, ആര്യാടൻ മുഹമ്മദ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചട്ടം 50 പ്രകാരം ചെയറിന് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ വളരെ സുപ്രധാനമായ പങ്ക് വഹിക്കുന്ന ഒന്നാണ് തെങ്ങ്കൃഷി. കൊപ്രയുടേയും വെളിച്ചെണ്ണയുടേയും വില കുറഞ്ഞു വരുന്ന സന്ദർഭങ്ങളിൽ കേന്ദ്ര ഗവൺമെന്റ് കൊപ്രയ്ക്ക് എല്ലാ സീസണുകളിലും താങ്ങുവില പ്രഖ്യാപിക്കുകയും കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച താങ്ങുവിലയേക്കാൾ കുറവാണ് മാർക്കറ്റ് വിലയെങ്കിൽ താങ്ങുവിലയ്ക്ക് കൊപ്ര ശേഖരിക്കുന്നതിന് നാഫെഡ് വഴി കേരഫെഡും അതുപോലെതന്നെ കേരളാ സ്റ്റേറ്റ് മാർക്കറ്റിംഗ് ഫെഡറേഷനും ഏജൻസികളായി കൊപ്ര സംഭരിക്കുകയും ചെയ്യണം എന്നുള്ളതാണ് വ്യവസ്ഥ. അതനുസരിച്ചാണ് നമ്മുടെ സംസ്ഥാനത്ത് കൊപ്രസംഭരണം നടന്നുവന്നിരുന്നത്. എന്നാൽ 2000-ാമാണ്ടിലെ സീസണിലേയ്ക്കുള്ള കൊപ്രയുടെ താങ്ങുവില നിശ്ചയിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ കാലേകൂട്ടിത്തന്നെ സംസ്ഥാന ഗവൺമെന്റ് ആവശ്യമായിട്ടുള്ള നിവേദനങ്ങൾ സമർപ്പിക്കുകയും കേന്ദ്ര കൃഷി വകുപ്പുമന്ത്രിയെ നേരിട്ട് കാണുകയും ഈ പ്രശ്നങ്ങൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയുംചെയ്തു. അതിനെത്തുടർന്ന് മറ്റൊരു കാലഘട്ടത്തിലും

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിട്ടില്ലാത്തതുപോലെ കേന്ദ്ര വിലനിർണ്ണയ കമ്മീഷൻ നവംബർ മാസത്തിൽത്തന്നെ നമ്മുടെ സംസ്ഥാനം സന്ദർശിച്ചു. നാളികേരോല്പാദനത്തിന്റെ ചെലവ് കണക്കിലെടുത്ത് കേന്ദ്ര വിലനിർണ്ണയ കമ്മീഷൻ ഒരു ക്വിന്റൽ കൊപ്രയ്ക്ക് 4100 രൂപയെങ്കിലും വില നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ടു. നമ്മുടെ ആവശ്യങ്ങൾ കമ്മീഷനെ ബോദ്ധ്യപ്പെടുത്തുന്നതിന് സംസ്ഥാന ഗവൺമെന്റിനും സംസ്ഥാന വില നിർണ്ണയ കമ്മീഷനും ചെയ്യാൻ കഴിയാവുന്ന എല്ലാ കാര്യങ്ങളും ചെയ്യുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തെ കൊപ്രാ വ്യാപാരത്തിന്റെ പ്രധാനപ്പെട്ട കേന്ദ്രങ്ങളായ ആലപ്പുഴ, മട്ടാഞ്ചേരി എന്നിവിടങ്ങൾ കേന്ദ്ര വിലനിർണ്ണയ കമ്മീഷൻ അംഗങ്ങൾ സന്ദർശിച്ചപ്പോൾ നമ്മൾ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾ അവരെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞു. ഡിസംബർ മാസം മുതലാണ് ഇവിടെ സീസൺ ആരംഭിക്കുന്നത്. അതുകൊണ്ട് സീസൺ ആരംഭിക്കുമ്പോൾത്തന്നെ കൊപ്രയുടെ താങ്ങുവില പ്രഖ്യാപിക്കണമെന്നുള്ളത് വീണ്ടും കേന്ദ്രകൃഷിമന്ത്രിയെ നേരിട്ട് കണ്ട് പറയുകയുണ്ടായി. ഇതിനുവേണ്ടി രണ്ടു പ്രാവശ്യം കേന്ദ്ര കൃഷിമന്ത്രിയെ കണ്ടു. ബഹുമാന്യനായ കേരള മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും കേന്ദ്ര ധനകാര്യമന്ത്രിക്കും ഇതുസംബന്ധിച്ച് നിവേദനങ്ങൾ സമർപ്പിക്കുകയുണ്ടായി. കേരളത്തിൽനിന്നുള്ള എം.പി.മാർ കൂട്ടായി പാർലമെന്റിൽ ഈ പ്രശ്നങ്ങൾ ഉന്നയിച്ചു. അതിനുപുറമേ രാജ്യസഭയിലെ അംഗങ്ങളായിട്ടുള്ള ബഹുമാന്യരായ കെ. കരുണാകരനും ബാലാനന്ദനും, ചിത്തരഞ്ജനും കേന്ദ്രകൃഷിമന്ത്രിയേയും ബന്ധപ്പെട്ടവരേയും നേരിട്ട്കണ്ട് കൊപ്രയ്ക്ക് താങ്ങുവില പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടു. അവർ കേന്ദ്ര മന്ത്രിമാർക്ക് നൽകിയ കത്തിന്റെ പകർപ്പ് സംസ്ഥാന ഗവൺമെന്റിന് അയച്ചുതരികയും ചെയ്തു. എല്ലാ ശ്രമങ്ങളും നടത്തിയിട്ടും കേന്ദ്ര ഗവൺമെന്റ് നാളിതുവരെയായിട്ടും കൊപ്രയുടെ താങ്ങുവില പ്രഖ്യാപിച്ചിട്ടില്ല. നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ പ്രധാനപ്പെട്ട പങ്കുവഹിക്കുന്ന വെളിച്ചെണ്ണയുടേയും കൊപ്രയുടേയും വില കുറഞ്ഞുവരികയാണ്. നമ്മുടെ മാർക്കറ്റിൽ കൊപ്രയുടെ വില്പന തന്നെ കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് കുറഞ്ഞുവന്നിരിക്കുന്നു. ബോംബെയിലുള്ള ഏജൻസികൾ മാർക്കറ്റിൽവന്ന്, പ്രത്യേകിച്ചും മട്ടാഞ്ചേരി കമ്പോളത്തിൽവന്ന് കൊപ്ര ശേഖരിക്കുന്ന സംവിധാനത്തിൽ, കഴിഞ്ഞ എല്ലാ വർഷങ്ങളെയും താരതമ്യപ്പെടുത്തുമ്പോൾ കുറവ് സംഭവിച്ചിരിക്കുന്നു. കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് വെളിച്ചെണ്ണയുടെ വിൽപ്പനയും കുറവാണ്. നാളികേര കൃഷിയുള്ള തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽ നിന്ന് ഇവർക്കാവശ്യമായിട്ടുള്ള വെളിച്ചെണ്ണയും കൊപ്രയും ശേഖരിക്കുന്നു എന്നു പറയാൻ കഴിയുകയില്ല. കാരണം തമിഴ്നാട്ടിലും കർണ്ണാടകത്തിലും ഇപ്പോൾ സീസൺ അല്ല. ഈ രണ്ട് സംസ്ഥാനങ്ങളിൽ നാളികേരത്തിന്റെ സീസൺ ആരംഭിക്കുന്നത് പ്രധാനമായിട്ടും ജൂൺ മാസം മുതലാണ്. നമ്മുടെ സംസ്ഥാനത്തിനകത്തുനിന്ന് കൊപ്രയും വെളിച്ചെണ്ണയും ശേഖരിക്കുന്നതിന് മറ്റ് ഏജൻസികൾ ഇവിടെ വരുന്നില്ല എന്നുള്ള പ്രശ്നം പ്രധാനമായിട്ടുണ്ട്. അതിന് കാരണം സസ്യഎണ്ണകൾ ഇഷ്ടംപോലെ നമ്മുടെ രാജ്യത്തേയ്ക്ക് ഇറക്കുമതി ചെയ്യുന്നു എന്നുള്ളതാണ്. വെളിച്ചെണ്ണ ഉപയോഗിച്ചിരുന്ന പല ഏജൻസികളും വെളിച്ചെണ്ണയുടെ ഉപയോഗം ഉപേക്ഷിച്ച് സസ്യഎണ്ണയിലേക്ക് കടന്നിരിക്കുന്നു. സോപ്പ് നിർമ്മാണത്തിന് അടക്കം. ഒരു നിയന്ത്രണവുമില്ലാത്ത രീതിയിലാണ് പാമോയിൽ നമ്മുടെ രാജ്യത്തേയ്ക്ക് ഇറക്കുമതി ചെയ്യുന്നത്. നിയന്ത്രണങ്ങളൊന്നുമില്ലാത്ത രീതിയിലാണ് മറ്റ് സസ്യഎണ്ണകൾ നമ്മുടെ രാജ്യത്ത് ഇറക്കുമതി ചെയ്യുന്നത്. അത് വെളിച്ചെണ്ണയുടേയും കൊപ്രയു

LIBRARY ARCHIVES Kerala Legislative Assembly

ടേയും വില കുറയ്ക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഈ പ്രശ്നവും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഇങ്ങനെ ഒരു നിയന്ത്രണവുമില്ലാതെ സസ്യ എണ്ണകൾ നമ്മുടെ രാജ്യത്തേക്ക് ഇറക്കുമതി ചെയ്യുന്നതിന്റെ ഫലമായി കേരളത്തിന്റെ കാർഷിക സമ്പദ്ഘടനയിൽ ഏറ്റവും സുപ്രധാനമായിട്ടുള്ള പങ്കുവഹിക്കുന്ന നാളികേരത്തിന്റേയും വെളിച്ചെണ്ണയുടേയും കൊപ്രയുടേയും വില കുറഞ്ഞു പോകുന്നതിനും അത് നമ്മുടെ സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമാക്കുന്നതിനും ഇടയാക്കുമെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മറ്റൊരു പ്രശ്നം വെളിച്ചെണ്ണയേയും കൊപ്രയേയും നെഗറ്റീവ് ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കേന്ദ്ര വാണിജ്യ വകുപ്പ് സെക്രട്ടറി നമ്മുടെ സംസ്ഥാനത്ത് വന്ന് സംസ്ഥാന ഗവൺമെന്റുമായും സംസ്ഥാനത്തിലെ വിവിധ മന്ത്രിമാരുമായും ചീഫ് സെക്രട്ടറിയുമായും ചർച്ച ചെയ്ത അവസരത്തിലും നമ്മൾ ഉന്നയിച്ച പ്രധാനപ്പെട്ട ആവശ്യങ്ങളിൽ ഒന്ന് വെളിച്ചെണ്ണയും കൊപ്രയും നെഗറ്റീവ് ലിസ്റ്റിൽത്തന്നെ ഉൾപ്പെടുത്തണമെന്നുള്ളതായിരുന്നു. അങ്ങനെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാൽ പോലും വിദേശത്തുനിന്ന് വെളിച്ചെണ്ണ ഇപ്പോഴും ഇറക്കുമതി ചെയ്യുന്നു. നമ്മുടെ രാജ്യത്തേക്ക് ഇറക്കുമതി ചെയ്യുന്നു എന്ന പേരിൽ അല്ല എന്ന് മാത്രം. അത് പ്രധാനമായിട്ട് നേപ്പാളിലേയ്ക്കാണ് നേപ്പാളിലെ ജനങ്ങൾക്ക് ആവശ്യമെന്ന നിലയിൽ വിദേശത്തുനിന്നും കൽക്കട്ട തുറമുഖം വഴി വെളിച്ചെണ്ണ ഇറക്കുമതി ചെയ്ത് അനധികൃതമായി നമ്മുടെ രാജ്യത്ത് വിപണനം നടത്തുന്നതായി സംസ്ഥാന ഗവൺമെന്റിന് മനസ്സിലാക്കാൻ കഴിഞ്ഞു. അതിനെ സംബന്ധിച്ച് കേന്ദ്ര ധനകാര്യമന്ത്രിക്ക് നിവേദനം നൽകുകയും കേന്ദ്ര റവന്യൂ ഉദ്യോഗസ്ഥന്മാർ ഇതിൽ ഇടപെടുന്നത് നിരോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെടുകയുമുണ്ടായി. 1999 സീസണിലെ സപ്പോർട്ട് പ്രൈസാണ് ഇപ്പോഴുള്ളത്. ആ നിലയ്ക്ക് കൊപ്ര ശേഖരിക്കുവാൻ പ്രയാസമാണ്. 2000-ാം ആണ്ടിലെ സീസണിലെ വില ഇനിയും കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ചിട്ടില്ലാത്തതുകൊണ്ട് കൊപ്ര ശേഖരിക്കുവാൻ ഏജൻസികൾക്ക് നിർദ്ദേശം കൊടുക്കാൻ സാദ്ധ്യമല്ലായെന്നാണ് അവർ ആദ്യം പറഞ്ഞത്. വീണ്ടും നമ്മുടെ സമ്മർദ്ദത്തിന്റെ ഫലമായി 1999 സീസണിലെ വിലയേക്കാൾ മാർക്കറ്റ് വില താഴ്ന്ന്പോകുന്ന സന്ദർഭങ്ങളിൽ കൊപ്ര ശേഖരിക്കുന്നതിന് നാഫെഡിന്റെ അംഗീകാരം ലഭിക്കുകയുണ്ടായി. അതിനെത്തുടർന്ന് നാഫെഡിന്റേയും കേരഫെഡിന്റേയും മാർക്കറ്റിംഗ് ഫെഡറേഷന്റേയും പ്രതിനിധികളുമായിട്ട് ചർച്ച ചെയ്ത് സംസ്ഥാനത്ത് 14 ജില്ലകളിൽ സഹകരണസംഘങ്ങൾ വഴി കൊപ്ര ശേഖരിക്കുവാൻ നിർദ്ദേശം കൊടുക്കുകയുണ്ടായി. അതിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്ത് കേരഫെഡും നാഫെഡും ചേർന്ന് ഏകദേശം 6429 മെട്രിക് ടൺ കൊപ്ര ശേഖരിച്ചിട്ടുണ്ട്. 3100 രൂപ ഒരു ക്വിന്റൽ കൊപ്രയ്ക്ക് വില നൽകിക്കൊണ്ടാണ് കൊപ്ര ശേഖരിച്ചിട്ടുള്ളത്. കൊപ്ര ശേഖരിക്കുന്ന പ്രവർത്തനം ശക്തിപ്പെടുത്തണം. കേര കർഷകർക്ക് കൊപ്രയ്ക്ക് കുറച്ചുകൂടി ന്യായമായ വില ലഭ്യമാക്കുന്നതിന് ആവശ്യമായ രീതിയിലുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ആ നടപടി കുറേക്കൂടി ശക്തമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് സംസ്ഥാന ഗവൺമെന്റിന് കഴിയുന്ന എല്ലാ നടപടികളും സ്വീകരിക്കുന്നതിന് ആത്മാർത്ഥമായ സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുമെന്നാണ് അതിനെക്കുറിച്ച് പറയാനുള്ളത്. അതുകൊണ്ട് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.പി. തങ്കച്ചൻ : സർ, കേരളത്തിലെ മൊത്തം സാമ്പത്തിക നിലയേയും ആയിരക്കണക്കിന് വരുന്ന തെങ്ങ് കൃഷിക്കാരേയും പ്രതികൂലമായി ബാധിക്കുന്ന ഗൗരവമേറിയ പ്രശ്നം വളരെ ലാഘവബുദ്ധിയോടുകൂടിയാണ് ഗവൺമെന്റും വകുപ്പുമന്ത്രിയും കാണുന്നതെന്നാണ് അദ്ദേഹത്തിന്റെ വിശദീകരണത്തിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത്. നമ്മുടെ സംസ്ഥാനത്ത് മൊത്തം പത്തേമുക്കാൽ ലക്ഷം ഹെക്ടർ സ്ഥലത്താണ് തെങ്ങ്കൃഷിയുള്ളത്. മൊത്തം കൃഷിസ്ഥലത്തിന്റെ ഏതാണ്ട് പകുതി, കൃത്യമായി പറഞ്ഞാൽ 47 ശതമാനം തെങ്ങ് കൃഷിക്കാണ് ഉപയോഗിക്കുന്നത്. എക്കണോമിക്ക് റിവ്യൂവിലെ കണക്കനുസരിച്ച് 667 കോടി തേങ്ങയാണ് പ്രതിവർഷം ഇവിടെ ഉല്പാദിപ്പിക്കുന്നത്. തെങ്ങ് കൃഷിക്കാരെ സംബന്ധിച്ച് ഈ കഴിഞ്ഞ വർഷത്തെ മണ്ടരി രോഗം തേങ്ങയുടെ ഉല്പാദനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അതാണ് സർക്കാരിന്റെ ഔദ്യോഗികമായിട്ടുള്ള കണക്ക്. മണ്ടരി ബാധയെത്തുടർന്ന് ഉല്പാദനത്തിൽ ഗണ്യമായ കുറവുവന്നിട്ടുള്ള സാഹചര്യത്തിൽ ഇന്ന് ഉണ്ടായിട്ടുള്ള-കൂനിൽമേൽക്കുരുവെന്ന് പറയുന്നതുപോലെ-പ്രത്യേക സാഹചര്യം തേങ്ങയുടെ വിലയിൽ വന്നിട്ടുള്ള ഇടിവാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ തേങ്ങയ്ക്ക് ഏതാണ്ട് 6 രൂപ വിലയുണ്ടായിരുന്നു. ഇന്ന് ഒരു തേങ്ങയ്ക്ക് ശരാശരി 3 രൂപയാണ് വില, എന്നുപറഞ്ഞാൽ 667 കോടി തേങ്ങയ്ക്ക് 3 രൂപയുടെ വിലയിടിവ് കണക്കാക്കിയാൽ നമ്മുടെ സംസ്ഥാനത്ത് തേങ്ങയ്ക്ക് ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം ഈ വർഷം ഏതാണ്ട് 2000 കോടി രൂപയോളം വരും. 2000 കോടി രൂപയുടെ സാമ്പത്തികനഷ്ടം വന്നതുകൊണ്ട് വളരെ ഗുരുതരമായ അവസ്ഥാവിശേഷമാണ് നമ്മുടെ സംസ്ഥാനത്ത് ഇന്ന് നിലവിലുള്ളത്. താങ്ങ് വിലയുടെ കാര്യം പറഞ്ഞു. 2000-ാണ്ടിലെ താങ്ങുവില ഇതേവരെ പ്രഖ്യാപിച്ചിട്ടില്ല. താങ്ങുവില പ്രഖ്യാപിക്കേണ്ടത് ഡിസംബർ ആദ്യത്തെ ആഴ്ചയിലാണ്. കാരണം സീസൺ ആരംഭിക്കുന്ന സമയം അതാണ്. സീസണിന്റെ പകുതിയിൽ കൂടുതൽ ഇപ്പോൾ കഴിഞ്ഞിരിക്കുകയാണ്, 4 മാസം കഴിഞ്ഞു. ഇതേവരെ താങ്ങ്വില പ്രഖ്യാപിച്ചിട്ടില്ല. കൊപ്രയുടെ താങ്ങുവില ക്വിന്റലിന് 4100 രൂപയായി പ്രഖ്യാപിക്കുവാനാണ് സംസ്ഥാന ഗവൺമെന്റ് ശുപാർശചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ നവംബർ മാസത്തിൽ ഇവിടം സന്ദർശിച്ച കാർഷിക വിലനിർണ്ണയ കമ്മീഷൻ 3250 രൂപയാണ് ഈ കാര്യത്തിൽ ശുപാർശ ചെയ്തിട്ടുള്ളത്. ഇപ്പോൾ താങ്ങ് വില 3100 രൂപയാണ്. നൂറ്റിയമ്പത് രൂപ കൂടുതലാണ് വില നിർണ്ണയ കമ്മീഷൻ ശുപാർശചെയ്തിട്ടുള്ളത്. അങ്ങനെ തീരുമാനിച്ചിട്ടുള്ളത് നവംബർ മാസത്തിലാണ്. അങ്ങനെ ശുപാർശ ചെയ്തെങ്കിൽപ്പോലും കഴിഞ്ഞ നാല് മാസക്കാലമായി കേന്ദ്രഗവൺമെന്റ് അംഗീകരിക്കുകയോ അന്ന് ഇതേവരെ പ്രഖ്യാപിക്കുകയോ ചെയ്തിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് രണ്ട് തവണ കേന്ദ്രമന്ത്രിയെക്കണ്ട് ഇക്കാര്യത്തിൽ ശുപാർശ ചെയ്തു എന്നാണ്. അത് മാത്രം മതിയോ? സംസ്ഥാന ഗവൺമെന്റ് ഈ കാര്യത്തിൽ വളരെ കാര്യക്ഷമമായി ഉയർന്ന് പ്രവർത്തിച്ചുവെന്ന് ഇതുകൊണ്ട് തീരുമാനിക്കാൻ കഴിയുമോ? ഏറ്റവും പ്രധാനപ്പെട്ട സീസൺ ഇപ്പോഴാണ്. ഈ സിസണിൽ കേന്ദ്ര മന്ത്രിയേയോ പ്രധാനമന്ത്രിയേയോ അല്ലെങ്കിൽ ബന്ധപ്പെട്ടവരേയോ അടിയന്തിരമായി കണ്ട് വില നിർണ്ണയ കമ്മീഷൻ തിട്ടപ്പെടുത്തിയിട്ടുള്ള വില പ്രഖ്യാപിക്കുവാനോ സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുള്ള 4100 രൂപ പ്രഖ്യാപിക്കുവാനോ സംസ്ഥാനഗവൺമെന്റ് നടപടികൾ നടത്തുകയുണ്ടായില്ലയെന്നുള്ളതാണ് സത്യം. വെളിച്ചെണ്ണയുടെ വില ക്വിന്റലിന് 1999 നവംബർ മാസത്തിൽ ആറാ

യിരിത്തിനാല്പത്തിയഞ്ച് രൂപയായിരുന്നു. അത് കുറഞ്ഞ്കുറഞ്ഞ് ഫെബ്രുവരി മാസത്തിൽ 4110 രൂപയായി. ഇന്നലത്തെ മാർക്കറ്റ് അനുസരിച്ച്, ഇന്നത്തെ പത്രത്തിൽ അത് 3600 രൂപയായി കുറഞ്ഞിരിക്കുകയാണ്. അതുപോലെതന്നെ കൊപ്രയുടെ വില കഴിഞ്ഞ നവംബർ മാസത്തിൽ നാലായിരത്തി മുപ്പത്തിയൊന്ന് രൂപ ആയിരുന്നത് ഫെബ്രുവരി മാസമായപ്പോൾ 2715 രൂപയായി. ഇന്നലത്തെ മാർക്കറ്റ് വില ഇന്നത്തെ പത്രത്തിൽ വന്നിട്ടുണ്ട്. 2430 രൂപയായി അത് കുറഞ്ഞിരിക്കുകയാണ്. ഏറ്റവും ശ്രദ്ധിക്കേണ്ട ഒരു വിഷയം, 3100 രൂപ ഇപ്പോൾത്തന്നെ താങ്ങു വിലയായി പ്രഖ്യാപിച്ചിട്ടുണ്ട്. 3100 രൂപ പോലും കിട്ടുന്നില്ലായെന്നുള്ളതാണ് അതിന്റെ കാതലായ പ്രശ്നം. 2430 രൂപയായി ചുരുങ്ങിയിരിക്കുകയാണ്. അത് എന്തുകൊണ്ട് സംഭവിക്കുന്നു? അതാണ് കാതലായ പ്രശ്നം. പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവിലപോലും കേരളത്തിൽ തെങ്ങ് കൃഷിക്കാർക്ക് കിട്ടുന്നില്ല. അതാണ് കാതലായ വസ്തുത, സംസ്ഥാന ഗവൺമെന്റ് ഉണർന്ന് പ്രവർത്തിക്കേണ്ടത് അവിടെയാണ്. താങ്ങുവില കൂടുതൽ പ്രഖ്യാപിച്ചാലും ആ വില ഇവിടെയുള്ള കൃഷിക്കാർക്ക് കിട്ടേണ്ടേ? അങ്ങനെ പ്രഖ്യാപിച്ച വില കിട്ടാൻവേണ്ടി സംസ്ഥാനഗവൺമെന്റ് എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്നാണ് അറിയേണ്ടത്. അവിടെയാണ് ഞങ്ങൾക്ക് പരാതി. ന്യായമായ വിലപോലും കിട്ടാൻ സംസ്ഥാനഗവൺമെന്റ് ഫലപ്രദമായ നടപടികൾ കൈക്കൊണ്ടിട്ടില്ലായെന്നുള്ളതാണ് വസ്തുത. 2430 രൂപ എന്നുപറയുമ്പോൾ 3100 രൂപയേക്കാളും അതായത് ഒരു കിന്റലിന് 700 രൂപ കഴിഞ്ഞ വർഷം തീരുമാനിച്ച വിലയേക്കാളും കുറവാണ്. അവിടെയാണ് മാർക്കറ്റ് ഇന്റർവെൻഷന്റെ പ്രസക്തി. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, നാഫെഡിനെക്കൊണ്ടും മാർക്കറ്റിംഗ് ഫെഡറേഷനെക്കൊണ്ടും താങ്ങുവിലയ്ക്ക് എടുപ്പിക്കാൻവേണ്ടി ഫലപ്രദമായി പ്രവർത്തിച്ചുവെന്ന്. ഞാൻ പറയുന്നു, ഫലപ്രദമായി പ്രവർത്തിച്ചിട്ടില്ല, വേണ്ടത്ര നിർദ്ദേശം കൊടുത്തിട്ടില്ല. ഗവൺമെന്റ് ഈ കാര്യത്തിൽ അനാസ്ഥയാണ് കാണിക്കുന്നത്. 4 ലക്ഷം ടൺ കൊപ്രയാണ് ഇപ്പോൾ മാർക്കറ്റിൽ ഒരു വർഷക്കാലം വരുന്നത്. മന്ത്രി പറഞ്ഞില്ലേ, കഠിനമായി പരിശ്രമിച്ചിട്ടും 6429 മെട്രിക്ക് ടൺ കൊപ്രമാത്രമേ ശേഖരിക്കാൻ കഴിഞ്ഞുള്ളൂ എന്ന്. മൊത്തം ഉള്ളത് 4 ലക്ഷം ആണ്. അതിന്റെ അർത്ഥം നാഫെഡോ, കേരഫെഡോ വേണ്ടത്ര രീതിയിൽ മാർക്കറ്റിൽ ഇന്റർവീൻ ചെയ്ത് ഫ്ളോർ പ്രൈസിന് കൊപ്ര സംഭരിക്കുന്നില്ല എന്നാണ്. അവിടെയാണ് വീഴ്ച. അതിനുവേണ്ടി നിർദ്ദേശം കൊടുത്തിട്ടില്ല. നേരേമറിച്ച് ഇത്രത്തോളം കൊപ്ര ശേഖരിക്കാൻ ഈ ഏജൻസികൾക്ക് വേണ്ടത്രസഹായധനം കൊടുത്തുകൊണ്ട് അവർക്ക് ലഭ്യമാക്കിക്കൊണ്ട് കൊപ്ര സംഭരിക്കാൻ നിർദ്ദേശം കൊടുത്തിരുന്നുവെങ്കിൽ ഈ വിലക്കുറവ് ഇന്ന് ഉണ്ടാകുമായിരുന്നില്ല. അവിടെയാണ് ഗവൺമെന്റിന്റെ കഴിവുകേട്, അല്ലെങ്കിൽ ഗവൺമെന്റിന്റെ നോട്ടക്കുറവ്, അവിടെയാണ് വീഴ്ച പറ്റിയത്. കേന്ദ്രം താങ്ങുവില പ്രഖ്യാപിച്ചില്ല. ഞാൻ അത് സമ്മതിക്കുന്നു. പ്രഖ്യാപിക്കേണ്ടതാണ്, ഉയർത്തി പ്രഖ്യാപിക്കേണ്ടതാണ്. പക്ഷേ ഇവിടത്തെ സാഹചര്യത്തിൽ അങ്ങനെ ഉയർത്തി പ്രഖ്യാപിച്ചാലും സംസ്ഥാന ഗവൺമെന്റ് ഈ വില കൃഷിക്കാർക്ക് ഉറപ്പുവരുത്താൻ നടപടി കൈക്കൊള്ളുന്നില്ല എന്നതാണ് ഗവൺമെന്റിൽ വന്നിട്ടുള്ള വലിയ വീഴ്ച. ഒരു കാര്യംകൂടി ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. തെങ്ങുകൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക് കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കാൻവേണ്ടി ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ചില കാര്യങ്ങൾ ചെയ്തിരിക്കുകയാണ്. വെളിച്ചെണ്ണയ്ക്ക് 3% നികുതിയായിരുന്നത് 4 ശതമാനമാക്കി വർദ്ധിച്ചിരിക്കുകയാണ്. വെളിച്ചെ

LIBRARY ARCHIVES Kerala Legislative Assembly

ണ്ണയ്ക്ക് വിലയില്ല, വെളിച്ചെണ്ണ വിറ്റഴിയുന്നില്ല. കൊപ്രയ്ക്ക് വിലയില്ല, കൊപ്ര വിറ്റഴിയുന്നില്ല. അത്രത്തോളം ബുദ്ധിമുട്ടുള്ള ഒരു സാഹചര്യത്തിൽ കൃഷിക്കാരെ രക്ഷിക്കുന്നതിനുപകരം സംസ്ഥാന ഗവൺമെന്റ് ഓർഡിനൻസിൽക്കൂടി ജനുവരി 1-ാം തീയതി മുതൽ 3 ശതമാനം സെയിൽസ് ടാക്സ് ഉണ്ടായിരുന്നത് കൂട്ടി. അത് എടുത്തുകളയണം. വളത്തിന് ഉണ്ടായിരുന്ന രണ്ടര ശതമാനം നികുതി എടുത്തുകളയേണ്ടതിനു പകരം അത് വർദ്ധിപ്പിച്ച് 4% ആക്കിയിരിക്കുകയാണ്. കരിക്കിനും നാളികേരത്തിനും നികുതി വർദ്ധിപ്പിച്ചിരിക്കുകയാണ്. നികുതികൾ ഒഴിവാക്കി കൃഷിക്കാരെ സഹായിക്കേണ്ടതിനുപകരം വിലയില്ലാത്ത ഈ സാഹചര്യത്തിൽ നികുതി കൂട്ടുകയും ചെയ്തിരിക്കുകയാണ്. കൃഷിക്കാരെയാകെ ശ്വാസംമുട്ടിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ സംസ്ഥാന ഗവൺമെന്റിന് ഇതുവരെ കഴിഞ്ഞിട്ടില്ല. ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല. രണ്ട് തവണ കേന്ദ്രത്തിൽ പോയിട്ടും കാര്യം നടന്നില്ല എങ്കിൽ മൂന്നോ, നാലോ, അഞ്ചോ തവണ പോകണം. കേരളത്തിലെ മുഖ്യമന്ത്രി പോകണം. കേരളത്തിന്റെ സംമ്പദ്ഘടനയെ പ്രതികൂലമായി ബാധിക്കുന്ന ഒരു വിഷയമല്ലേ ഇത്? ഇതിൽ ഇങ്ങനെ അനാസ്ഥ കാണിക്കുന്നത് ശരിയാണോ? ഈ പ്രശ്നം ഗവൺമെന്റ് വളരെ ഗൗരവമായി എടുത്തിട്ടില്ല എന്നതാണ് സത്യം. ഒരു ഭാഗത്ത് ടാക്സ് കൂട്ടുന്നു. ഒരു ഭാഗത്താണെങ്കിൽ കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് നടപടിയെടുപ്പിക്കാൻ കഴിയുന്നില്ല. 4 ലക്ഷം ടൺ മാർക്കറ്റിൽ കെട്ടിക്കിടക്കുകയാണ്. എന്നിട്ട് വലിയ വീരവാദം പറയുന്നു. 6429 മെട്രിക് ടൺ ശേഖരിച്ചു എന്നുപറയുന്നു. മൊത്തംകൊപ്രയുടെ ഒരു ചെറിയ അംശംപോലും ശേഖരിക്കാൻ കഴിഞ്ഞിട്ടുണ്ടോ? അതുകൊണ്ട്, വളരെ ഗൗരവമായ ഒരു പ്രതിസന്ധിയിലേയ്ക്ക് കേരളത്തിലെ തെങ്ങു കൃഷിക്കാർ നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിന്റെ ഗൗരവം കണക്കിലെടുത്ത് സഭാനടപടികൾ നിർത്തിവച്ച് ഇക്കാര്യം ചർച്ച ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u>) : സർ, ഈ പ്രശ്നത്തിൽ വളരെ ഗൗരവപൂർവ്വമായിട്ടുള്ള സമീപനമാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ബഹുമാന്യനായ പി.പി. തങ്കച്ചൻ ഇതിന്റെ ചുമതലക്കാരനായാലും ഇതുതന്നെയായിരിക്കും ചെയ്യുന്നത്. ഇതിലപ്പുറം ചെയ്യാൻ കഴിയുമെന്ന് തോന്നുന്നില്ല. അവിടെയിരുന്ന് കുറ്റപ്പെടുത്താം. അതിൽ പ്രശ്നമില്ല. ഇത് തീർച്ചയായിട്ടും ചെയ്യേണ്ടതാണ്. ഗവൺമെന്റ് കുറച്ചുകൂടി ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ടെങ്കിൽ അദ്ദേഹം പ്രയോഗിച്ച വാക്കുകളൊക്കെ വളരെ ആവശ്യമാണ്. സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയാവുന്ന കാര്യങ്ങൾ ഈ കാര്യത്തിൽ ചെയ്യുന്നുണ്ട്. ഒന്നുരണ്ടു പ്രശ്നങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. കൊപ്ര കെട്ടിക്കിടക്കുന്നു എന്നുപറയുന്നത് ശരിയല്ല, കൊപ്ര കൃഷിക്കാരന്റെ കൈയിലുമില്ല. അതാണ് സത്യം. ഇപ്പോൾ കൊപ്രയുള്ളത് ഇടത്തട്ടുകാരന്റെ കൈയിലാണ്. കൃഷിക്കാരുടെ പക്കലുള്ള നാളികേരം ഇടത്തട്ടുക്കാരൻ വാങ്ങി കൊപ്രയാക്കി മാർക്കറ്റ് ചെയ്യുന്ന സംവിധാനമാണ് കേരളത്തിൽ ഉള്ളത്. കൃഷിക്കാരന്റെ കൈയിൽനിന്നും കൊപ്ര ശേഖരിക്കാൻ എത്ര വലിയ ശ്രമം നടത്തിയാലും പരമാവധി ശേഖരിക്കാൻ കഴിയുന്നതിന് പരിമിതികളുണ്ട്. അതുകൊണ്ട് 9 ജില്ലകളിൽ സഹകരണ സംഘങ്ങൾ വഴി കൊപ്ര ശേഖരിക്കാൻ കേരഫെഡിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. 5 ജില്ലകളിൽ കൊപ്ര ശേഖരിക്കാനുള്ള ചുമതല മാർക്കറ്റിംഗ് ഫെഡറേഷനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. അങ്ങ

LIBRARY ARCHIVES Kerala Legislative Assembly

യുടെ കർഷക കോൺഗ്രസിന്റെ പ്രസിഡന്റ് ഈ നടപടിയെ അഭിനന്ദിച്ചു കൊണ്ട് എനിക്ക് പ്രത്യേക സന്ദേശം അയച്ചിട്ടുണ്ട്. ബഹുമാന്യനായ പി.പി. തങ്കച്ചന്റെ കർഷക കോൺഗ്രസിന്റെ സംസ്ഥാന പ്രസിഡന്റ് കൊപ്ര ശേഖരിച്ചുവയ്ക്കാനുള്ള വെയർഹൗസിംഗ് കോർപ്പറേഷന്റെ ചില പരിമിതികളെക്കുറിച്ച് അതിൽ പറയുന്നുണ്ട്. അത് പരിഹരിക്കാൻ ഗവൺമെന്റ് തയ്യാറാണ്. നാളെ ഈ കാര്യങ്ങൾ വീണ്ടും റിവ്യൂ ചെയ്യുന്നതിനുവേണ്ടി നാഫെഡിന്റേയും കേരഫെഡിന്റേയും മാർക്കറ്റിംഗ് ഫെഡറേഷന്റേയും പ്രതിനിധികളുടെ യോഗം വിളിച്ചിട്ടുണ്ട്. കൃഷിക്കാർക്ക്, നൽകാൻ കഴിയുന്ന അത്രയും കൊപ്ര ഈ ഏജൻസികൾ വഴി ശേഖരിക്കാനും അത് വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകളിൽ സൂക്ഷിക്കാനുമുള്ള സംവിധാനം ഉണ്ടാക്കുന്നതിന് ഗവൺമെന്റ് തയ്യാറാണ്. അതിന് പണത്തിന്റെ പ്രശ്നമില്ല. കൊപ്ര കൃഷിക്കാരന്റെ കൈയിലില്ല എന്നുള്ളതാണ് പ്രശ്നം. അത് അങ്ങേയ്ക്ക് അറിയാം. ഇനി ഇടത്തട്ടുകാരുടെ കൈയിൽനിന്നും കൊപ്ര വാങ്ങണമെന്നാണോ? ഈ സഭ തീരുമാനിച്ചാൽ വാങ്ങുന്നതിൽ ഒരിക്കൽ വാങ്ങിയതു സംബന്ധിച്ച് വന്നിച്ച വിമർശനവും അന്വേഷണവുമൊക്കെ നടന്നത് നമ്മുടെ സംസ്ഥാനത്താണ്. കൃഷിക്കാരന് വില കൊടുക്കാതെ മാർക്കറ്റ് വിലയ്ക്ക് നാളികേരം വാങ്ങി കൊപ്രയുണ്ടാക്കുന്ന ഇടത്തട്ടുകാരന് ഉയർന്ന വില കൊടുത്തതുകൊണ്ട് കൃഷിക്കാരന് ഒരു നേട്ടവും ഉണ്ടാകാൻ പോകുന്നില്ല. അതുകൊണ്ട് ക്വിന്റലിന് 3100 രൂപ സപ്പോർട്ട് പ്രൈസ് കൊടുത്തുകൊണ്ട് കേരളത്തിലെ കൃഷിക്കാരുടെ കൈയിലുള്ള മുഴുവൻ കൊപ്രയും ശേഖരിക്കാൻ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്. ഈ നടപടികളിൽ എന്തെങ്കിലും പോരായ്മകൾ ഉണ്ടെങ്കിൽ അവ പരിഹരിച്ച് അതിന്റെ പ്രവർത്തനങ്ങളെ മുന്നോട്ടു കൊണ്ടുപോകാൻ തയ്യാറാണ്. അതാണ് ഇതു സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. ഇനിയും കേന്ദ്രത്തിൽ ഈ കാര്യങ്ങൾക്ക് സമ്മർദ്ദം ചെലുത്തുന്നതിന് ഗവൺമെന്റ് തയ്യാറാണ്. സർവ്വകക്ഷി പ്രതിനിധി സംഘം ബഹുമാന്യനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹിയിൽ പോകുകയാണ്. അപ്പോൾ തീർച്ചയായിട്ടും ഈ പ്രശ്നവും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്, നടപടികളൊക്കെ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇനി ചില നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് അടിയന്തിര നടപടി എടുക്കുന്നുണ്ട്. ഈ സ്ഥിതിയിൽ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിരപ്രമേയാവതരണത്തിന് ചെയർ അനുമതി നിഷേധിക്കുന്നു. (അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. എ.കെ. ആന്റണി</u>) : സർ, കൊപ്രയ്ക്ക് താങ്ങുവില നിശ്ചയിക്കുന്ന കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് കുറ്റകരമായ അനാസ്ഥയാണ് കാണിച്ചിരിക്കുന്നത്. ഡിസംബർ മാസത്തിലാണ് ഈ വർഷത്തെ താങ്ങുവില നിശ്ചയിക്കേണ്ടത്. മാസം 4 കഴിഞ്ഞിരിക്കുന്നു. കൊപ്രയുടെ താങ്ങുവില നിശ്ചയിക്കുന്നകാര്യത്തിൽ അനാസ്ഥ കാണിച്ച കേന്ദ്ര ഗവൺമെന്റ് മറ്റ് നിരവധി കാർഷിക ഉൽപ്പന്നങ്ങൾക്ക് കൃത്യമായി താങ്ങുവില നിശ്ചയിച്ചിട്ടുമുണ്ട്. കാർഷിക ഉൽപ്പന്നങ്ങൾക്ക് ആദ്യം താങ്ങുവില നിശ്ചിച്ചതിനുശേഷം പിന്നേയും അത് ഒന്നുകൂടി പുതുക്കി നിശ്ചയി

LIBRARY ARCHIVES Kerala Legislative Assembly

ക്കാൻവരെ തയ്യാറായി. കൃഷിക്കാരെ സഹായിക്കാൻവേണ്ടി ഏതെങ്കിലും കാർഷിക ഉൽപ്പന്നങ്ങൾക്ക് അങ്ങനെ വില കൂട്ടിയതിന്റെ പേരിൽ പരാതിപ്പെടാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കേരളത്തിലെ സംമ്പദ്ഘടനയുടെ നട്ടെല്ലായ കൊപ്രയുടെ താങ്ങുവില നിശ്ചയിക്കുന്നകാര്യത്തിൽ 4 മാസം വൈകിയിട്ടും ഇപ്പോഴും നടപടിയെടുക്കാത്ത കേന്ദ്ര ഗവൺമെന്റ് തന്നെ ഇന്ത്യയിലെ ഒട്ടുമിക്ക കാർഷിക ഉൽപ്പന്നങ്ങൾക്കും താങ്ങുവില പ്രഖ്യാപിച്ചുകഴിഞ്ഞിരിക്കുകയാണ്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാർഷികോൽപ്പന്നമായ കൊപ്രയുടെ താങ്ങുവില നിശ്ചയിക്കുന്ന കാര്യത്തിൽ കേന്ദ്രം ഇപ്പോഴും തീരുമാനം എടുക്കാത്തത് കേരളത്തോട് കാണിച്ച വലിയ ഒരു അവഗണനയായിട്ടാണ് ഞങ്ങൾ കണക്കാക്കുന്നത്. കാർഷിക വിളകൾക്ക് വില നിശ്ചയിക്കാനുള്ള കമ്മീഷൻ കേരളം സന്ദർശിച്ചപ്പോൾ ഗവൺമെന്റും അതുപോലെ ഔദ്യോഗിക ഏജൻസികളും 4100 രൂപ കൊപ്രയ്ക്ക് താങ്ങുവില നിശ്ചയിക്കണമെന്ന് പറഞ്ഞു. ചില കർഷകസംഘടനകളും മറ്റുള്ളവരും 5000 രൂപ വരെ നിശ്ചയിക്കണമെന്ന് പറഞ്ഞു. അതൊക്കെ എല്ലാവർക്കും അറിയാവുന്ന കാര്യങ്ങളാണ്. ഏതായാലും കമ്മിഷൻതന്നെ 3,250 രൂപയെങ്കിലും വില നിശ്ചയിക്കണമെന്ന് ശുപാർശചെയ്യുകയുണ്ടായി. കേന്ദ്ര മന്ത്രിസഭ ഇത് ചർച്ച ചെയ്യുമ്പോൾ കൃഷിക്കാരുടേയും സംസ്ഥാന ഗവൺമെന്റുകളുടേയും സമ്മർദ്ദങ്ങളെ മാനിച്ചുകൊണ്ട് കമ്മിഷൻ ശുപാർശ ചെയ്യുന്നതിനേക്കാൾ കുറേക്കൂടി തുക വർദ്ധിപ്പിച്ചാണ് മിക്കവാറും വർഷങ്ങളിൽ താങ്ങുവില നിശ്ചയിക്കാറുള്ളത്. കൊപ്രയുടെ കാര്യത്തിൽ മാത്രമല്ല, മിക്കവാറും കാർഷിക ഉൽപ്പന്നങ്ങൾക്ക്, കമ്മിഷൻ ശുപാർശ ചെയ്യുന്നതിനേക്കാൾ കൂടുതലാണ് താങ്ങുവില നിശ്ചയിക്കാറുള്ളത്. കമ്മിഷൻ 3250 രൂപ ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും സംസ്ഥാന ഗവൺമെന്റും ഇവിടുത്തെ എം.പി.മാരും കാർഷിക സംഘടനകളും, സംസ്ഥാനമൊട്ടാകെയും സമ്മർദ്ദം ചെലുത്തുകയാണെങ്കിൽ 3250 രൂപ എന്നുള്ളത് ഇനിയും കുറേക്കൂടി വർദ്ധിപ്പിച്ചെടുക്കാൻ സാധിക്കുമായിരുന്നു. പക്ഷേ അതിപ്രധാനമായിട്ടുള്ളത് കൊപ്രയുടെ താങ്ങുവില പ്രഖ്യാപിക്കുക എന്നതാണ്. അക്കാര്യത്തിൽ കേന്ദ്രത്തിന്റെ ഭാഗത്തുനിന്ന് ഉദാസീനതയുണ്ടായിക്കൂടാ. അതുപോലെതന്നെ താങ്ങുവിലയേക്കാൾ കൊപ്രയുടെ മാർക്കറ്റ് വില താഴുന്ന അവസരങ്ങളിൽ ആ കൊപ്ര 'നാഫെഡ്' വഴിയും മറ്റ് ഏജൻസികൾ വഴിയും സംഭരിക്കാനാവശ്യമായ സംവിധാനമുണ്ടാക്കണം. അതിന് രണ്ട് രീതിയുണ്ട്. ഒന്ന് 'നാഫെഡ് തന്നെ നേരിട്ട് സംഭരിക്കണം മറ്റൊന്ന് കേരളാ മാർക്കറ്റിംഗ് ഫെഡറേഷനും അതുപോലെ കേരഫെഡും സംഭരിക്കണം. അതിന് നാഫെഡിന്റെ ധനസഹായമുണ്ടാകണം. ബാക്കി സഹായം കണ്ടത് സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു ആറായിരത്തോളം ടൺ കൊപ്ര ശേഖരിച്ചു കഴിഞ്ഞുവെന്ന്. 6,000 ടൺ ശേഖരിച്ചതുകൊണ്ട് കാര്യമായില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽ ഭാഗികമായ സത്യമാണുള്ളത്. ഇപ്പോൾ കൊപ്ര കച്ചവടക്കാരുടെ കൈയിൽ മാത്രമാണുള്ളതെന്ന് അങ്ങ് പറഞ്ഞത് പൂർണ്ണമായും ശരിയല്ല. നാളികേര കൃഷിയെക്കുറിച്ച് അറിയാവുന്ന എല്ലാവർക്കുമറിയാം ഏറ്റവും കൂടുതൽ നാളികേരം ഉൽപ്പാദിപ്പിക്കുന്ന മാസങ്ങളാണ് ഇപ്പോൾ. കച്ചവടക്കാരുടെ കൈയിൽ മാത്രമല്ല കൊപ്ര ഉള്ളത്. ഓരോ ദിവസവും കൃഷിക്കാരനും നാളികേരം സംഭരിച്ചുകൊണ്ടിരിക്കുകയാണ്. കൃഷിക്കാരുടെ കൈയിലും നാളികേരമുണ്ട്. അതുപോലെ കച്ചവടക്കാരുടെ കൈയിലുമുണ്ട്. ഇന്ന് മാർക്കറ്റിലുള്ള കൊപ്ര മുഴുവൻ സംഭരിക്കാൻ തയ്യാറാകണം. മന്ത്രി ഒരു ഉറപ്പ് തന്നിട്ടുണ്ട്. പുതിയ താങ്ങുവിലയല്ല. കഴിഞ്ഞ

10. AM

LIBRARY ARCHIVES Kerala Legislative Assembly

വർഷത്തെ താങ്ങുവിലയായ 3,100 രൂപയ്ക്ക് മാർക്കറ്റിലുള്ള മുഴുവൻ കൊപ്രയും സംഭരിക്കാൻ സംവിധാനമേർപ്പെടുത്തുമെന്ന് കൃഷിവകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നു. ഞാൻ അദ്ദേഹത്തിന്റെ വാക്ക് വിശ്വസിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ നടപടികളും അടിയന്തിരമായി ആരംഭിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. പക്ഷേ നമ്മൾ കേന്ദ്രത്തോട്, കൊപ്രയുടെ താങ്ങുവില നിശ്ചയിക്കുന്ന കാര്യത്തിൽ കേന്ദ്രം കുറ്റകരമായ അനാസ്ഥ കാണിച്ചു, കാലതാമസം വരുത്തി എന്നൊക്കെ പറയണം. അതുപോലെ കേന്ദ്രവില നിർണ്ണയ കമ്മിഷൻ നിശ്ചയിച്ചിട്ടുള്ള 3250 രൂപ പോര കുറച്ചുകൂടി കൂടുതൽ തുക നൽകണമെന്ന് കേന്ദ്രത്തോട് ഒറ്റക്കെട്ടായി ആവശ്യപ്പെടാം. കേരളത്തിലെ നാളികേര കൃഷിക്കാർ ഒരു പ്രതിസന്ധിയിലാണ്. പ്രതിസന്ധിയിലുള്ള നാളികേര കർഷകരെ സഹായിക്കാൻ നിങ്ങൾ എന്തുചെയ്തുവെന്ന് അവർ ചോദിക്കുകയില്ലേ? പ്രത്യേകിച്ച് മണ്ടരി രോഗംകൂടി വന്നതോടുകൂടി നാളികേര കർഷകർ ആകെ പ്രയാസത്തിലാണ്. നാളികേര കൃഷിയുടെ ചരിത്രത്തിൽ ഏറ്റവും വലിയ പ്രതിസന്ധി അവർ നേരിടുകയാണ്. കേന്ദ്രകൃഷി മന്ത്രിയേയും ധനകാര്യമന്ത്രിയേയും കാണാൻ പോകുമ്പോൾ ഉത്തരംമുട്ടുന്ന ചോദ്യങ്ങൾ ചോദിക്കാനുള്ള അവസരം നാം അവർക്ക് നൽകരുത്. ഇത്തവണത്തെ ബഡ്ജറ്റിൽ നാം എന്താണ് ചെയ്തിരിക്കുന്നത്? ഓർഡിനൻസിൽക്കൂടി നാം വെളിച്ചെണ്ണയുടെ നികുതി വർദ്ധിപ്പിച്ചു. ഓർഡിനൻസിൽക്കൂടി യൂറിയ ഉൾപ്പെടെയുള്ള 27 വളങ്ങളുടെ നികുതി വർദ്ധിപ്പിച്ചു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : ആ ഓർഡിനൻസിനെ മനസ്സിലാക്കാൻവേണ്ടി പറയുകയാണ്. ഫ്ളോർ റേറ്റ് നിശ്ചയിച്ചാൽ ആ റേറ്റിന് താഴെ കൊണ്ടുപോകാൻ വയ്യാഞ്ഞിട്ടാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ന്യൂസ് പ്രിന്റിന് എങ്ങനെയാണ് 4% എന്നുള്ളത് 2% ആക്കിയത്?

ശ്രീ. ടി. ശിവദാസമേനോൻ : പറയട്ടെ, സതേൺ സ്റ്റേറ്റ്സ്...

ശ്രീ. എ.കെ. ആന്റണി : എന്റെ നിർദ്ദേശം അതല്ല. ഞാൻ ഒരു നിർദ്ദേശം വയ്ക്കുകയാണ്. നമ്മൾ എല്ലാവരുംകൂടി കേന്ദ്രത്തിൽ ഒരുമിച്ച് പറയുകയാണ്. കേരളത്തിലെ നാളികേരകൃഷി പ്രതിസന്ധിയിലാണെന്ന്. മണ്ടരി രോഗം, വിലയിടിവ് എന്നിവമൂലം കേരളത്തിൽ ഏറ്റവും പ്രധാനപ്പെട്ട കാർഷിക ഉൽപ്പന്നം പ്രതിസന്ധിയിലായിരിക്കുന്നു. നിങ്ങൾ സഹായിക്കണം എന്ന് പറയണം. അപ്പോൾ അവർ ചോദിക്കും നമ്മൾ എന്തു ചെയ്തുവെന്ന്. നമ്മൾ ചെയ്തിരിക്കുന്നത് വെളിച്ചെണ്ണയുടെ ടാക്സ് മൂന്ന് എന്നുള്ളത് നാലാക്കി കൂട്ടിയിരിക്കുന്നു. അത് ഓർഡിനൻസിൽക്കൂടിയാണ്. യൂറിയ ഉൾപ്പെടെ പലതിനും അവിടെ സബ്സിഡി കുറച്ചു; ഇവിടെ ടാക്സ് കൂട്ടി. തമിഴ്നാടിന്റെ ബോർഡറിൽ, കളിയിക്കാവിളയുടെ അപ്പുറത്തു ചെന്നാൽ മൂന്ന് രൂപയ്ക്ക് കരിക്ക് കിട്ടും. കഴിഞ്ഞ പ്രാവശ്യത്തെ വോട്ട് ഓൺ അക്കൗണ്ടിൽ ഞാൻ അങ്ങയോട് അഭ്യർത്ഥിച്ചതാണ്; കരിക്കിന്റെ ടാക്സിന്റെ കാര്യം, അങ്ങ് അത് പരിശോധിക്കാമെന്ന് പറഞ്ഞു.

ശ്രീ. ടി. ശിവദാസമേനോൻ : തമിഴ്നാട്ടിലേയും കർണ്ണാടകയിലേയും കാര്യങ്ങൾ കമ്പയർ ചെയ്ത് ആ പൊസിഷൻ വച്ചുകൊണ്ട് പുനഃപരിശോധന നടത്താൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. എ. കെ. ആന്റണി : നാളികേര കൃഷിക്കാർ ഇത്രയും ഭീഷണി നേരിടുന്ന ഘട്ടത്തിൽ അവർക്ക്, ആഘാതമേൽപ്പിച്ചുകൊണ്ട്, കരിക്കിനു വരെ

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ ഇത്തവണയും നികുതി ഏർപ്പെടുത്തി. കൃഷിക്കാർ പ്രയാസപ്പെടുമ്പോൾ, നമ്മൾ സഹായം ചോദിക്കുന്ന അവസരത്തിൽ, നിങ്ങളുടെ ബഡ്ജറ്റിൽ 5 കോടിരൂപയാണ് വച്ചിട്ടുള്ളത്; നിങ്ങൾ വെളിച്ചെണ്ണയ്ക്കും കരിക്കിനുമൊക്കെ നികുതി ഏർപ്പെടുത്തി, നിങ്ങൾ ഒന്നും ചെയ്യുന്നില്ലല്ലോ എന്ന് കേന്ദ്രം ചോദിച്ചാൽ ഉത്തരംമുട്ടിപ്പോവുകയില്ലേ? അതുകൊണ്ട് എനിക്കു പറയാനുള്ളത് എത്രയുംവേഗം കൊപ്രയുടെ താങ്ങുവില പ്രഖ്യാപിക്കണം എന്നാണ്. അതിന് വീഴ്ച വരുത്തിക്കൂടാ. താങ്ങുവില പ്രഖ്യാപിച്ച ശേഷം, പ്രഖ്യാപിച്ച താങ്ങുവിലയേക്കാൾ മാർക്കറ്റിൽ വില കുറവായ സാഹചര്യത്തിൽ 'നാഫെഡ്'-ഉം മാർക്കറ്റിംഗ് ഫെഡറേഷനും കേരഫെഡും കൂടി മാർക്കറ്റിൽനിന്ന് 25,000 ടൺ കൊപ്രയെങ്കിലും സംഭരിക്കാൻ തയ്യാറാകണം. അത് കേന്ദ്രത്തോട് ആവശ്യപ്പെടാം. നമ്മൾ കാപ്പികൃഷിക്കാരുടെ കാര്യത്തിൽ ചെയ്തതുപോലെ സംസ്ഥാന ഗവൺമെന്റ് ഒരു വർഷത്തേയ്ക്ക്, അനാദികാലത്തേയ്ക്ക് എന്ന് ഞാൻ പറയുന്നില്ല; കരിക്കിനും, നാളികേരത്തിനും, കൊപ്രയ്ക്കും, വെളിച്ചെണ്ണയ്ക്കും ഏർപ്പെടുത്തിയ നികുതി നിർത്തിവയ്ക്കണം. ഇന്ന് കേരളത്തിലെ നാളികേര കൃഷിക്കാർ മണ്ടരി രോഗം കൊണ്ടും വിലയിടിവുകൊണ്ടും കഷ്ടപ്പെടുകയാണ്. 3,200 രൂപ കഴിഞ്ഞ വർഷം താങ്ങുവില ഉള്ളപ്പോൾ, 2,400 രൂപയാണ് ഇപ്പോഴത്തെ മാർക്കറ്റ് പ്രൈസ്. നാളികേരത്തിന് കുത്തനെ വിലയിടിഞ്ഞ കാലഘട്ടമാണ്. അതിന്റെ കൂടെ മണ്ടരി. അങ്ങനെ കൃഷിക്കാർ പ്രയാസപ്പെടുമ്പോൾ ഒരു വർഷത്തേയ്ക് കരിക്കിനും നാളികേരത്തിനും കൊപ്രയ്ക്കും വെളിച്ചെണ്ണയ്ക്കുമുള്ള നികുതി നിർത്തിവക്കാൻ ഗവൺമെന്റ് തയ്യാറാകണം. അതുപോലെ തന്നെ രാസവളത്തിന്റെ നികുതി ഒരു വർഷത്തേയ്ക്ക് സസ്പെന്റ് ചെയ്യണം. ഇന്ന് കൃഷിവകുപ്പുമന്ത്രിയുടെ മറുപടിയിൽ ബഹുമാനപ്പെട്ട തങ്കച്ചൻ പറഞ്ഞ കാര്യത്തെക്കുറിച്ച്, ഒന്നും പറഞ്ഞിട്ടില്ല. ഒരു വർഷത്തേയ്ക്ക് നാളികേരത്തിനും കൊപ്രയ്ക്കും നാളികേര ഉൽപ്പന്നങ്ങൾക്കും നികുതി സസ്പെന്റ് ചെയ്യാൻ ധനകാര്യ വകുപ്പുമന്ത്രിയെങ്കിലും തയ്യാറാകുമോ എന്നറിഞ്ഞാൽ കൊള്ളാം. ധനകാര്യ വകുപ്പുമന്ത്രി മൗനംപാലിക്കുന്ന സാഹചര്യത്തിൽ, മൗനിയെപ്പോലെ നിസംഗനായിരിക്കുന്ന ഈ സാഹചര്യത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. എ.കെ. ആന്റണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി</u> : സർ, ഇവിടെ അടിയന്തിരപ്രമേയം അവതരിപ്പിച്ച ശ്രീ. പി.പി. തങ്കച്ചൻ മന്ത്രി ആയാലും ഇത്രയൊക്കെയേ ചെയ്യാൻ സാധിക്കുകയുള്ളൂ എന്നുള്ളനിലയിൽ ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി മറുപടി പറഞ്ഞു. സാധാരണഗതിയിൽ അദ്ദേഹം പറഞ്ഞത് ശരിയാണ്. സാധാരണഗതിയിൽ അത്രയൊക്കെയേ സാധിക്കുകയുള്ളു എന്ന് വേണമെങ്കിൽ പറയാം. പക്ഷേ സാധാരണ ഗതിയിലുള്ള ഒരു സ്ഥിതിയല്ല കേരളത്തെ സംബന്ധിച്ചിടത്തോളം ഇന്നുള്ളത്. നമ്മൾ ഗൗരവപൂർവ്വം ഇത് കാണാൻ തയ്യാറാകണം. നാളികേരം, റബ്ബർ, കാപ്പി തുടങ്ങി എല്ലാ കാർഷിക ഉല്പന്നങ്ങളും പ്രതിസന്ധിയിലാണ്. നാളികേരത്തിന്റെ പ്രതിസന്ധി പല തരത്തിലാണ്. ഇപ്പോൾ ചരിത്രത്തിൽ ഏറ്റവും വലിയ വിലയിടിവ് അനുഭവപ്പെടുന്നു. അതേ അവസരത്തിൽ തെങ്ങിനു വന്നിട്ടുള്ള മണ്ടരി രോഗത്തെക്കുറിച്ച് നമുക്ക് അറിയാം. ആ പ്രതിസന്ധി വേറെയുണ്ട്. അദ്ദേഹം മറുപടി പറഞ്ഞപ്പോൾ പറഞ്ഞു, അടുത്തുതന്നെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹി

LIBRARY ARCHIVES Kerala Legislative Assembly

യിൽ പോകുന്നുണ്ടെന്ന് പോകുമ്പോൾ പറയുവാൻ ബേണിംഗ് ഇഷ്യൂസ് വേറെ കുറേ സെലക്ട് ചെയ്ത് വച്ചിട്ടുണ്ട്. ഇത് ആ കൂട്ടത്തിൽ വരുന്നില്ല. പാചകവാതകത്തിന്റെ വിലവർദ്ധനവും അരിയുടെ പ്രശ്നവും ഇതെല്ലാംകൂടി പൊതുവിൽ നമുക്ക് നിരവധി പ്രശ്നങ്ങൾ പറയുവാനുണ്ട്. ഒരു സാധാരണക്കാരന്റെ ഏറ്റവും വലിയ ആവശ്യങ്ങൾ റേഷനരി, പാചകവാതകം തുടങ്ങിയവയൊക്കെ ആണ്. അവയാണ് ബേണിംഗ് ഇഷ്യൂസ്. ആ കൂട്ടത്തിൽ നാളികേരത്തിന്റെ കാര്യമൊന്നും നടക്കുവാൻ പോകുന്നില്ല ഇതൊരു ഗൗരവമുള്ള കാര്യമാണ്. കൃഷി വകുപ്പുമന്ത്രി പൂർണ്ണമായും അത് ഉൾക്കൊണ്ടിട്ടില്ല എന്നുള്ളതാണ് അദ്ദേഹത്തിന്റെ മറുപടി കേട്ടപ്പോൾ തോന്നിയത്. കാർഷിക ഉല്പന്നങ്ങളുടെ കൂട്ടത്തിൽ നാളികേരത്തിന്റെ വില ഇപ്പോൾ കുത്തനെ ഇടിഞ്ഞു. എങ്ങനെ നാളികേരം വാങ്ങും? അതാണ് പ്രശ്നം. നാളികേരത്തിന്റെ വിലയിടിവ് കൂടി, നമ്മുടെ നാട്ടിൽ തൊഴിൽ ഇല്ലെങ്കിലും പത്തു തേങ്ങ വിറ്റ് ജീവിക്കുന്നവരുടെ സ്ഥിതി ആകെ അവതാളത്തിലായി. നാളികേരം വിൽക്കുവാൻ കഴിയുകയില്ല. ഇതൊരു വ്യത്യസ്തമായ സാഹചര്യമാണ്. ഇപ്പോൾ അതിനെ വ്യത്യസ്തമായി തന്നെ മന്ത്രി കണ്ട് എന്തെങ്കിലും ചെയ്യാനുള്ള ഒരു സ്ഥിതി വിശേഷത്തിൽ എത്തണമായിരുന്നു എന്നാണ് എനിക്ക് അതിനെക്കുറിച്ച് പറയുവാനുള്ളത്. കേന്ദ്രത്തിന്റെ താങ്ങുവില എങ്ങനെയുള്ളതാണെന്ന് നമുക്ക് അറിയാം. നമ്മൾ വളരെ ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. ഇത്തവണ കേന്ദ്രത്തിൽ പോകുന്ന സംഘത്തിന് നാളികേരത്തിന്റെ വിലയിടിവിന് ഊന്നൽ നൽകാൻ കഴിയുമോ എന്ന് അറിയില്ല. കുറേ ആവശ്യങ്ങളുണ്ട്. അല്ലാതെ തന്നെ വേറെയും കാര്യങ്ങളുണ്ട്. വളരെ ശക്തമായി പറയാമെന്ന് വയ്ക്കുക. എന്താണ് അവിടത്തെ സ്ഥിതി എന്ന് അറിഞ്ഞുകൂടാ. അവരുടെ സമീപനം കേരളത്തെ ഞെരിച്ചുകൊല്ലുക എന്നതാണ്. അവിടെനിന്ന് ഒരു ആനുകൂല്യവും കിട്ടുകയില്ല. പല കാർഷിക ഉല്പന്നങ്ങളുടേയും കാര്യത്തിൽ താങ്ങ്വില ഏർപ്പെടുത്തിയകാര്യം പ്രതിപക്ഷ നേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചു. ആ കൂട്ടത്തിൽ നാളികേരത്തിന്റെ കാര്യം. പരിഗണിക്കുന്നതിനുള്ള സൻമനസ് ഇവരെ സംബന്ധിച്ച് ഉണ്ടാവുകയില്ല. അതുകൊണ്ട് അവിടെനിന്നും എന്തെങ്കിലും കിട്ടുമെന്ന ധാരണയ്ക്ക് യാതൊരു ന്യായീകരണമില്ലാത്ത സ്ഥിതിയാണ്. നമുക്ക് പ്രക്ഷോഭണം നടത്താം. യോജിച്ച പ്രക്ഷോഭണത്തിന് പരിപാടിയിട്ടിരിക്കുകയാണ്. വേറെയും പ്രക്ഷോഭണങ്ങളുണ്ടാകും. രാഷ്ട്രീയ പാർട്ടികളുടെ പ്രക്ഷോഭണങ്ങൾ വേറെവരും അതൊക്കെ നമുക്ക് വളരെ ശക്തമാക്കാം. പക്ഷേ ഇവിടെത്തന്നെ എന്ത് ആനുകൂല്യം കൊടുക്കുവാൻ കഴിയുമെന്നുള്ളത് വളരെ ഗൗരവപൂർവ്വം ആലോചിക്കേണ്ടിയിരിക്കുന്നു.

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ഇത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. ചില കാർഷിക ഉല്പന്നങ്ങളുടെ നികുതി ഫൈനാൻസ് ബില്ലിലൂടെ കുറച്ചു.... റബ്ബർ, തടി എന്നിങ്ങനെ കുറേ കാര്യങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷ മെമ്പർമാർ പറഞ്ഞു. വെളിച്ചെണ്ണയുടെ നികുതി ഫൈനാൻസ് ബില്ലിൽ ലേ ചെയ്തിരിക്കുകയാണ്. ഫൈനാൻസ് ബില്ലിന് ഗവർണ്ണറുടെ ഒപ്പ് കിട്ടുവാൻ വിഷമമുണ്ട്. സെക്ഷൻ 10 ഉപയോഗിച്ച് പരിശോധിച്ച് വേണ്ടത് ചെയ്യുമെന്ന് ഞാൻ പറഞ്ഞതാണ്. അതിലെല്ലാം അടങ്ങുന്നതാണ്. ഞാൻ നിഷേധാത്മകമായ സമീപനം സ്വീകരിച്ചിട്ടില്ല. പോസിറ്റീവായിട്ട് കുറേ എണ്ണത്തിന് നികുതി കുറച്ചു. ഇനി കുറയ്ക്കേണ്ടത് നോട്ടിഫിക്കേഷൻ വച്ച് കുറയ്ക്കാം. സെക്ഷൻ 10 ഉപയോഗിച്ച് കൂട്ടാൻ ലെജിസ്ലേഷൻ വേണമെന്നുണ്ട്. അതുകൊണ്ട് അതു പരിശോധിക്കുവാൻ എനിക്ക് അവസരം തരണം. അടുത്തുള്ള രണ്ട് സംസ്ഥാനങ്ങളുമായിട്ട് ഡിസ്ക്കസ് ചെയ്യണം. നിശ്ചയമായും കേരളത്തിലെ കൃഷിക്കാ

LIBRARY ARCHIVES Kerala Legislative Assembly

രുടെ താൽപര്യം സംരക്ഷിച്ചുകൊണ്ട് നടപടി സ്വീകരിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

<u>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി</u> : ബഹുമാനപ്പെട്ട മന്ത്രി വളരെ പോസിറ്റീവായിട്ട് ഈ കാര്യം പരിഗണിക്കുമെന്ന് പറഞ്ഞതിൽ ഞങ്ങൾക്ക് വളരെയധികം സന്തോഷമുണ്ട്. അതല്ലാതെ വേറെ മാർഗ്ഗമില്ല എന്നുള്ളത് വളരെ എംഫസൈസ് ചെയ്ത് പറയാമായിരുന്നു. ഞാൻ ഈ വാക്കൗട്ട് സ്റ്റേറ്റ്മെന്റ് വേളയിൽ അതിന്റെ പ്രാധാന്യംകൊണ്ട് അങ്ങനെ പറഞ്ഞുപോയതാണ്. ഏതായാലും ഈ അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച സാഹചര്യത്തിൽ ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും ശ്രീമതി കെ.ആർ ഗൗരിയമ്മയും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. കെ.എം. മാണി</u> : സർ, നാളികേരത്തിന്റെ വിലയിടിവുകൊണ്ട് കാർഷിക സാമ്പത്തിക മേഖല തകർച്ചയിലേയ്ക്ക് നീങ്ങുകയാണ്. പ്രഖ്യാപിത വിലയേക്കാൾ 700 രൂപ കുറവ് എന്നുപറയുമ്പോൾ നമുക്ക് ചിന്തിക്കുവാൻപോലും കഴിയുകയില്ല. ഇതിനു കാരണം എന്താണ്? കേന്ദ്ര ഗവൺമെന്റ് ഫ്ളോർ പ്രൈസ് കൂട്ടിവയ്ക്കേണ്ടതാണ്. കഴിഞ്ഞ ഡിസംബർ മാസത്തിൽ പ്രഖ്യാപിക്കേണ്ടിയിരുന്ന ഫ്ളോർ പ്രൈസ് കേന്ദ്ര ഗവൺമെന്റ് കൂട്ടിനിശ്ചയിക്കുന്ന നടപടി സ്വീകരിക്കണം. ഫ്ളോർ പ്രൈസ് പ്രഖ്യാപനം കൊണ്ടു മാത്രമായോ? ഫ്ളോർ പ്രൈസ് എത്ര ആയിരം വേണമെങ്കിലും വയ്ക്കട്ടെ അല്ലെങ്കിൽ എത്ര വേണമെങ്കിലും കൂട്ടട്ടെ. കൂട്ടിയതുകൊണ്ട് ആയോ? ഫ്ളോർ പ്രൈസ് പ്രഖ്യാപനത്തിന്റെ ലക്ഷ്യം, ഫ്ളോർ പ്രൈസ്നേക്കാൾ കമ്പോളവില താണുകിടന്നാൽ കമ്പോള വിലയേക്കാൾ ഉയർന്ന ഫ്ളോർ പ്രൈസിൽ, ഗവൺമെന്റ് വാങ്ങാൻ തയ്യാറാകണം. ഇവിടെ നാളികേരത്തിന്റെ വിലയിടിവിനു പ്രധാനപ്പെട്ട കാരണം സംഭരണം പരാജയപ്പെട്ടു എന്നതാണ്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ സംഭരണം ഇപ്പോൾ പരാജയപ്പെട്ടു. ഇപ്പോൾ നാളികേരത്തിന്റെ വിലയിടിവിന് കുറ്റക്കാരെന്ന് പറയുന്നത് കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുമാണ്. മല എലിയെ പ്രസവിച്ചതുപോലെയാണ് ഇപ്പോൾ സംഭരണം വന്നിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് 6,429 ടൺ കൊപ്ര മാത്രമാണ് സംഭരിക്കുന്നതെന്നാണ്. എന്നുപറഞ്ഞാൽ എത്രയാണ്? നാല് ലക്ഷം ടൺ കൊപ്ര ഉള്ളപ്പോൾ 6,529 ടൺ എന്നു പറയുന്നത് ഒന്നര ശതമാനമാണ്. ഒന്നര ശതമാനം കൊപ്ര മാത്രം നിങ്ങൾ സംഭരിച്ചുവച്ചാൽ നിങ്ങൾ എവിടെപ്പോയി നിൽക്കുന്നു? ആ സംഭരണം നിങ്ങൾ ഊർജിതപ്പെടുത്തേണ്ടതായിരുന്നു. കേരഫെഡിനേയും ഇവിടത്തെ സഹകരണ സംഘങ്ങളേയും യോജിപ്പിച്ച് കൂടുതൽ സംഭരണം നിങ്ങൾക്ക് നടത്താമായിരുന്നു. അതിനു അങ്ങ് പറയുന്ന മറുപടി എത്ര ബാലിശമാണ്! അങ്ങ് പറയുന്നത് കൊപ്ര വാങ്ങാനില്ല, കൃഷിക്കാരുടെ കൈയിൽനിന്ന് കച്ചവടക്കാരുടെ കൈയിലേയ്ക്ക് പോയി, ഇടത്തട്ടുകാരുടെ കൈയിലേയ്ക്ക് പോയി എന്നാണ്. ഇതു ബാലിശമല്ലേ? എന്തുകൊണ്ട് അവിടംവരെ പോയി? ഇടത്തട്ടുകാരുടെ കൈയിലേയ്ക്ക് കൊപ്ര എങ്ങനെ പോയി? പോയതിനുകാരണം കമ്പോള വിലയേക്കാൾ കൂട്ടി നിങ്ങൾ.....

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : കൊപ്ര അല്ല പോയത്. ഇനിയെങ്കിലും മനസ്സിലാക്കണം. നമ്മുടെ സംസ്ഥാനത്തെ മഹാഭൂരിപക്ഷം കൃഷിക്കാരും കൊപ്ര ഉണ്ടാക്കുന്നില്ല. നാളികേരം ഇടത്തട്ടുകാർ വാങ്ങി അവരാണ്

LIBRARY ARCHIVES Kerala Legislative Assembly

കൊപ്രയാക്കുന്നത്. കൃഷിക്കാരുടെ കൈയിൽനിന്നും കൊപ്ര വാങ്ങാൻ ആവില്ല. അതാണ് മനസ്സിലാക്കേണ്ടത്.

ശ്രീ. കെ.എം. മാണി : ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കേണ്ട കാര്യം, എന്തുകൊണ്ട് അതു എടുക്കുന്നു? കമ്പോള വിലയേക്കൾ കൂട്ടി വാങ്ങാനുള്ള ഏജൻസികൾ ഇവിടെ ഇല്ല. തേങ്ങയായിട്ട് ആളുകൾ വിൽക്കുകയില്ല. കൊപ്രയ്ക്ക് ന്യായമായ വില കമ്പോളത്തിൽ കിട്ടിയാൽ, കൊപ്ര ന്യായമാ വിലയ്ക്ക് ഗവൺമെന്റ് സംഭരിക്കുമെന്നുണ്ടെങ്കിൽ ഒരിക്കലും നാളികേരമായിട്ട് പോവുകയില്ല. ഇവിടത്തെ പിശക്, ന്യായ വിലയ്ക്ക് കൊപ്ര സംഭരിക്കുവാനുള്ള നടപടികൾ നിങ്ങൾ കാര്യക്ഷമമായി എടുത്തില്ല എന്നുള്ളതാണ്. നാളികേരവും എല്ലാംപോയി. ഇനി സർക്കാരാണ് അതിനു കുറ്റക്കാർ. എന്ത് ചെയ്യാനാണ്? അങ്ങനെ ആണെങ്കിൽ എന്തിനാണ് മാർക്കറ്റ് ഇന്റർവെൻഷൻ? അങ്ങനെയാണെങ്കിൽ നിങ്ങൾ പരാജയം സമ്മതിക്കണം. സംഭരണം സാധ്യമല്ലെന്ന് പറയണം. ബാലിശമായ കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഉണ്ടായ പരാജയം ഇവിടെ മൂടിവയ്ക്കുകയാണ്. അതുപോലെതന്നെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രിയോടു ഒരു കാര്യം പറയട്ടെ, എന്തിനാണ് നീട്ടിക്കൊണ്ടുപോകുന്നത്? 3 ശതമാനം എന്നുള്ളത് 4 ശതമാനം ആക്കിയപ്പോൾ ഞങ്ങൾ എതിർത്തതാണ്. നാളികേര വില കുറഞ്ഞിരിക്കുന്ന സന്ദർഭത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഒരിക്കലും 3 ശതമാനം ടാക്സ് എന്നത് 4 ശതമാനമായി ഉയർത്താൻ സമ്മതിക്കരുതായിരുന്നു. 3 ശതമാനം എന്നത് 4 ശതമാനമാക്കി ഉയർത്തിയപ്പോൾ---- ഇവിടെ സെയിൽസ് ടാക്സ് അമന്റ്മെന്റ് ബിൽ ചർച്ചയ്ക്ക് വന്നപ്പോൾ അന്ന് ഞങ്ങൾ ഇക്കാര്യം ചൂണ്ടിക്കാണിച്ചതാണ്. ദിവസങ്ങൾ എത്ര കഴിഞ്ഞു. അങ്ങ് ഇതും പറയുന്നു, എനിക്ക് അതിന് അധികാരമുണ്ട്, ചെയ്യും എന്ന്.

ശ്രീ. ടി. ശിവദാസമേനോൻ : സർ.....

മി. സ്പീക്കർ : അതു വേണ്ട. അടിയന്തിരപ്രമേയത്തിന്റെ ചർച്ചയ്ക്കിടയിൽ ഇങ്ങനെ പാടില്ല. ഈ സമയത്ത് പാടില്ല. ഇപ്പോൾ ചർച്ച ഇല്ല. അവർ വാക്കൗട്ട് ചെയ്ത് പോകുന്ന കാര്യം മാത്രമേയുള്ളൂ. ഒരു ചടങ്ങ് നിർവ്വഹിക്കലാണ്. വേറൊന്നും ഇല്ല. ചർച്ച ഇല്ല.

ശ്രീ. കെ.എം. മാണി : കെ.ജി.എസ്.റ്റി. ആക്ട് 10-ാം വകുപ്പ് അനുസരിച്ച് ഇന്ന് നോട്ടിഫിക്കേഷൻ ഇറക്കണം. ബോണഫൈഡ് ആണെന്നുണ്ടെങ്കിൽ അങ്ങ് ഉത്തമവിശ്വാസത്തോടുകൂടി ഒരു പ്രസ്താവന ചെയ്യുകയാണെങ്കിൽ ഇന്നുതന്നെ നോട്ടിഫൈ ചെയ്യണം. അതു പറയുവാൻ തയ്യാറാകണം. ഇത്ര ഗുരുതരമായ ഈ പ്രശ്നം നീട്ടികൊണ്ടു പോവുകയാണ്. കഴിഞ്ഞ 9-ാം തീയതി നിയമസഭയിൽ ഞങ്ങൾ പറഞ്ഞതാണ് നികുതി പിൻവലിക്കണമെന്ന്. 9-ാം തീയതി കഴിഞ്ഞിട്ട് ദിവസം എത്രയായി? ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുന്നില്ല. ആവശ്യമായ സംഭരണം നടക്കുന്നില്ല. ഉയർത്തിയ നികുതി പിൻവലിക്കണം. കേരളത്തിലെ കർഷകർ ഇന്ന് കണ്ണുനീർ ഒഴുക്കുന്നു. അതിനു പരിഹാരം ഉണ്ടാക്കുവാൻ കർശനമായ നടപടി യഥാസമയം എടുക്കാതെ കർഷകരെ ദ്രോഹിക്കുന്ന ഈ ഗവൺമെന്റിന്റെ നടപടികളിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ.എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ടു പുറത്തുപോയി).

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ : സർ, കേരളത്തിലെ കർഷകരെ വളരെ ദോഷകരമായി ബാധിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരുവിഷയത്തിൽ സംസ്ഥാന ഗവൺമെന്റ് കൈക്കൊണ്ടിരിക്കുന്ന നിലപാട് അങ്ങേയറ്റം പ്രതിഷേധാർഹമാണ്.

മി. സ്പീക്കർ : രണ്ടുപേരുടെ പിന്തുണയുണ്ട്.

ശ്രീ. ജോണി നെല്ലൂർ : പിന്തുണയെക്കുറിച്ച് സംശയമുള്ള ആൾക്കാർക്ക് ബോദ്ധ്യപ്പെടുത്തി തരാം. ബോധ്യപ്പെടുത്തേണ്ട സമയത്ത് ബോധ്യപ്പെടുത്തിത്തരാം. ഇത്രയും ആളുകൾ അപ്പുറത്തുള്ളപ്പോൾ അവർ എല്ലാപേരുംകൂടി എന്നെ ശല്യപ്പെടുത്തിയാൽ ഞാൻ ഒറ്റയ്ക്കാണെങ്കിലും പിടിച്ചുനിൽക്കും. കുഴപ്പമൊന്നുമില്ല.

മി. സ്പീക്കർ : സംസാരിക്കുവാൻ അവസരം കിട്ടിയിരിക്കുകയാണ്.

ശ്രീ. ജോണി നെല്ലൂർ : അവസരം തടസ്സപ്പെടുത്തുന്നു. പിന്നെ എങ്ങനെയാണ്? ഇത്ര പ്രധാനപ്പെട്ട ഒരു വിഷയത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുള്ള വീഴ്ചയിൽ നാം എല്ലാപേരും ഒരുമിച്ച് പ്രതിഷേധിക്കണം. സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ട ജോലി, ആ ഉത്തരവാദിത്വം നിറവേറ്റുന്ന കാര്യത്തിൽ സംസ്ഥാനം പരാജയപ്പെട്ടിരിക്കുകയാണ്. ഇവിടെ ധനകാര്യ വകുപ്പുമന്ത്രി പ്രതിപക്ഷനേതാവ് സംസാരിച്ചപ്പോഴും അതിനു ശേഷവും ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ കാര്യങ്ങൾ ആത്മാർത്ഥതയോടെയാണ് പറഞ്ഞതെന്ന് വിശ്വസിക്കാം. പക്ഷേ അങ്ങയുടെ ആത്മാർത്ഥതയെ സംശയിക്കുകയല്ല. ഈ നിയമസഭയിൽ വിൽപ്പന നികുതി ഏകീകരിച്ചുകൊണ്ടുള്ള ബിൽ ചർച്ചയ്ക്ക് വന്നപ്പോഴും ബഡ്ജറ്റിന്റെ പൊതു ചർച്ചയ്ക്ക്, വോട്ട് ഓൺ അക്കൗണ്ട് ചർച്ചയ്ക്കും അങ്ങ് മറുപടി പറഞ്ഞതാണ്. ഈ നിയമസഭയിൽ അങ്ങ് അഞ്ച് ദിവസം മറുപടി പറഞ്ഞ ആളാണ്. ഇവിടെ ഉന്നയിച്ച നികുതിയുടെ കാര്യങ്ങളൊക്കെ ഞങ്ങൾ സൂചിപ്പിച്ചു. അങ്ങ് എല്ലാ പ്രാവശ്യവും മറുപടി പറയുന്നുണ്ട്. എന്താണ് പറഞ്ഞത്? ഇതിനു നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല, ലെജിസ്ലേഷന്റെ ആവശ്യമില്ല എന്നാണ്. 'ഞങ്ങൾ ചെയ്തുകൊള്ളാം, ഞാൻ സെക്ഷൻ 10 റിവോക്ക് ചെയ്തുകൊണ്ട് പ്രഖ്യാപിക്കാം' എന്ന് പറഞ്ഞു. അങ്ങ് പറഞ്ഞത് ആത്മാർത്ഥതയോടെ ആണെങ്കിൽ ഈ നിയമസഭയിൽ അങ്ങ് എന്തുകൊണ്ട് പ്രഖ്യാപനം നടത്തിയില്ല? പറയുന്ന കാര്യങ്ങൾക്കുള്ള ആത്മാർത്ഥത തെളിയിക്കണമെങ്കിൽ അതു പ്രവൃത്തിയിലൂടെയേ കഴിയൂ. വെളിച്ചെണ്ണ, കൊപ്ര, നാളികേരം, കരിക്ക് തുടങ്ങിയ ഉൽപ്പന്നങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് നികുതി ചുമത്തിയിരിക്കുന്നു. ഈ നിഷേധാത്മകമായ നിലപാട് കേരളത്തിലെ കൃഷിക്കാരോടുള്ള അങ്ങേയറ്റത്തെ ദ്രോഹമാണ്. ഇതിൽ പ്രതിഷേധിച്ച് ഞാനും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ജോണി നെല്ലൂർ സഭ വിട്ടു പുറത്തുപോയി.)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, പോയിന്റ് ഓഫ് ഓർഡർ. സെക്ഷൻ 10 ഇൻവോക്ക് ചെയ്യണം. ഫിനാൻസ് ബിൽ മറ്റന്നാളാണ് ഇവിടെ ലേ ചെയ്യാൻ പോകുന്നത്. ഫിനാൻസ് ബിൽ ലേ ചെയ്തുകഴിഞ്ഞ ശേഷമല്ലാതെ സെക്ഷൻ 10 ഉണ്ടെങ്കിൽ, അതിലുള്ള നികുതി പിൻവലിക്കാൻ കഴിയുകയില്ല. അത് അങ്ങേയ്ക്ക് അറിയാം. ഫിനാൻസ് ബിൽ ഇവിടെ ലേ ചെയ്തുകഴിഞ്ഞിട്ടേ എനിക്ക് അത് ചെയ്യാൻ പറ്റൂ. When the Finance Bill is in the crucible, അത് ഷെയിപ്പു ചെയ്യുന്നതിനു മുമ്പ്, അത് ഇനിയേ ലേ ചെയ്യുകയുള്ളൂ. ഡിസ്ക്ഷൻ പിന്നെയാണ്. അതു ഡിസ്ക്കസ് ചെയ്താൽ,

LIBRARY ARCHIVES Kerala Legislative Assembly

പ്രൊവിഷൻ ഓഫ് കളക്ഷൻ ഓഫ് ടാക്സ് അനുസരിച്ച് നമ്മൾ നികുതി പിരിക്കുന്നു. എല്ലാ വശവും പരിശോധിച്ച് നിശ്ചയമായും നടപടി സെക്ഷൻ 10 അനുസരിച്ച് എടുക്കുമെന്നു പറഞ്ഞതാണ്. അത് ഇന്ന് ചെയ്യണമെന്നാണ്. ഫിനാൻസ് ബിൽ ലേ ചെയ്യാതെ പോയാൽ എങ്ങനെയാണ്?

മി. സ്പീക്കർ : അതു കേൾക്കാതെ പോയതിൽ അങ്ങേയ്ക്ക് വിഷമമുണ്ട് അല്ലേ?

ശ്രീ. ടി. ശിവദാസമേനോൻ : സാങ്കേതികമായി ചെയ്യാൻ പറ്റാത്ത ഒരു കാര്യം ഇന്നുതന്നെ ചെയ്യണമെന്നാണ് പ്രതിപക്ഷം പറയുന്നത്. ഇവിടെ കരിക്കിന്റെ നികുതിയുടെ കാര്യം പറഞ്ഞു. ഇവിടെ ആരും കരിക്ക് വിൽക്കാറില്ല. ഇവിടെ കൊപ്ര കിട്ടും. തമിഴ്നാട്ടിൽ നിന്നുള്ള കരിക്കാണ് ഇവിടെ വരുന്നത്. വളരെ ക്രിയാത്മകമായൊരു സമീപനം ഞാൻ എടുത്തിട്ട്, ഇതെല്ലാം ഗവൺമെന്റിനുവേണ്ടി പറഞ്ഞിട്ട് ഫിനാൻസ് ബിൽ ഇവിടെ അവതരിപ്പിക്കാമെന്നു പറഞ്ഞിട്ട്, അതുകഴിഞ്ഞ് സെക്ഷൻ 10 ഇൻവോക്ക് ചെയ്യുന്ന കാര്യം ആലോചിക്കാമെന്നു പറഞ്ഞാൽ..

മി. സ്പീക്കർ : അങ്ങനെ ഇറങ്ങിപ്പോയത് ഓർഡറിലാണോ എന്നാണ് അങ്ങയുടെ ചോദ്യം. അല്ലേ?

ശ്രീ. ടി. ശിവദാസമേനോൻ : അതെ. അങ്ങനെയിരിക്കെ, when the promise is in the House, പിന്നെ ഇറങ്ങി പോകുന്നതു ഓർഡറിലാണോ? (പ്രതിപക്ഷാംഗങ്ങൾ സഭവിട്ട് പുറത്തുപോയി. അല്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

III. ശ്രദ്ധക്ഷണിക്കൽ

സംസ്ഥാനത്ത് കൂടുതൽ ജല വൈദ്യുത പദ്ധതികൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സർ, കൂടുതൽ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കണമെന്നും കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ള, ഇത്തരം പദ്ധതികൾക്ക് അടിയന്തിരമായി അനുവാദം നേടിയെടുക്കണമെന്നും ചെറുകിട-വൻകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുകയും, ആരംഭിച്ചത് അടിയന്തിരമായി, യുദ്ധകാലാടിസ്ഥാനത്തിൽ, പൂർത്തീകരിക്കുകയും ചെയ്യുന്നതിന്റെ ആവശ്യകതയിലേയ്ക്കാണ് ഞാൻ ശ്രദ്ധ ക്ഷണിക്കുന്നത്. ജനദ്രോഹപരമായ കേന്ദ്ര വൈദ്യുതി നയം കേരളത്തെ കൂടുതൽ വിഷമകരമായ അവസ്ഥയിലേയ്ക്ക് നീക്കുകയാണ്. കേന്ദ്ര പദ്ധതികളിൽനിന്നും സംസ്ഥാനങ്ങൾക്ക് നിശ്ചിത അളവിൽ വൈദ്യുതി ഗൽകിയിരിക്കണമെന്ന വ്യവസ്ഥ എടുത്തുകളഞ്ഞ് പണം നൽകുന്ന സംസ്ഥാനങ്ങൾക്ക് മാത്രം വൈദ്യുതി നൽകിയാൽ മതിയെന്നുമാണ് കേന്ദ്ര ഗവൺമെന്റിന്റെ ഇപ്പോഴത്തെ തീരുമാനം. ഇത് സംസ്ഥാന-കേന്ദ്ര ബന്ധത്തെത്തന്നെ, അതിന്റെ ഫെഡറൽ സംവിധാനത്തെതന്നെ തകർക്കും. ഇത് പുത്തൻ സാമ്പത്തികനയത്തിന്റെ വൈദ്യുതി മേഖലയിലേയ്ക്കുള്ള വ്യാപനമാണ്. താപവൈദ്യുത നിലയം സ്ഥിതിചെയ്യുന്ന സംസ്ഥാനത്ത് അതിൽനിന്ന് നൂറു ശതമാനം വൈദ്യുതി നൽകണമെന്നാണ് മുൻ തീരുമാനം. ജലവൈദ്യുതിയുടെ 12 ശതമാനം അത്തരം സംസ്ഥാനങ്ങൾക്ക് സൗജന്യമായി ലഭിക്കേണ്ടതാണ്. ഇതെല്ലാംതന്നെ അട്ടിമറിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നയമാണ് പുതിയതായി പ്രഖ്യാപിച്ചിട്ടുള്ളത്. ഈ പ്രത്യേക സാഹചര്യത്തിൽ ഞാൻ ആദ്യം ചൂണ്ടിക്കാണിച്ച ജലവൈദ്യുത

LIBRARY ARCHIVES Kerala Legislative Assembly